# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1351 — 04.12.14 ൽ - മറുപടിക്ക്

## പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റി രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, വർക്കല കഹാർ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായാണ് പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ടി സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ അവലോകനം, ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്നു ഉറപ്പ് വരുത്തുക, കൂടാതെ ഉപഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതു വിതരണ സമ്പ്രദായത്തിന്റെ തുടർച്ചയായ അവലോകനം എന്നിവ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. |
| (സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ; | (സി) | റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ, സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്. |
| (ഡി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഇ) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ